പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1898 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ നിയമനങ്ങൾ

ചോദ്യം

ശ്രീ. റോജി എം. ജോൺ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും അഭാവം മൂലം കെ.എസ്. ആർ.ടി.സി. സർവ്വീസുകൾ മുടങ്ങുന്നതായ ആക്ഷേപം വസ്തുതാപരമാണോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ ഡ്രൈവർമാരെയും, കണ്ടക്ടർമാരെയും വിന്യസിച്ചിരിക്കുന്നതിലെ അപാകതമൂലം ചില സർവ്വീസുകൾ മുടങ്ങുന്നുണ്ട്. |
| (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ എത്ര ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ഒഴിവുകളുണ്ട്; ആയത് നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കെ.എസ്.ആർ.ടി.സി അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത IIM-ലെ റിട്ട. പ്രൊഫ.സുശീൽ ഖന്നയെ കെ.എസ്.ആർ.ടി. സിയുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ.സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ബസ്സ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിക്ക് ഒപ്പമെത്തിക്കാൻ ശ്രമിച്ചു വരികയുമാണ്. ആയതിനാൽ പുതിയ നിയമനങ്ങൾ തൽക്കാലം നടത്താൻ നിർവ്വാഹമില്ല. പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് അനുസരിച്ച് മാത്രമേ പുതിയ നിയമനം നടത്താൻ നിർവ്വാഹമുള്ളൂ. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയ ഏതെങ്കിലും തസ്തികകളിലേക്ക് നിലവിൽ നിയമന ഉത്തരവ് നൽകാതെയുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | (സി) | കെ.എസ്.ആർ.ടി.സിയിൽ പിഎസ്സി അഡ്വൈസ് മെമ്മോ ലഭിച്ച നിയമന ഉത്തരവ് നൽകാതെയുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>ജൂനിയർ അസിസ്റ്റന്റ് - 10<br>സെക്യൂരിറ്റി ഗാർഡ് -16<br>പ്യൂൺ -2<br>സ്റ്റോർ ഇഷ്യൂവർ -13<br>മെക്കാനിക്ക് -24<br>ബ്ലാക്സ്മിത്ത്- 3<br>കണ്ടക്ടർ - 4051<br>പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് അനുസരിച്ച് മാത്രമേ പുതിയ നിയമനം നടത്താൻ നിർവ്വാഹമുള്ളൂ. |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ കൂട്ട സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കൂട്ട സ്ഥലം മാറ്റം നടത്തിയതിന്റെ കാരണമെന്താണ്? | (ഡി) | കൂട്ട സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 2012-ലെ സേവന വേതന കരാറിൽ പ്രതിപാദിച്ചിരിക്കുന്ന പൊതുസ്ഥലം മാറ്റ പ്രകാരം മാതൃ യൂണിറ്റുകളിൽ നിന്നും വിദൂര യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിശ്ചിത കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് തിരികെ അവരവരുടെ മാതൃ യൂണിറ്റുകളിലേക്ക് ഓരോരുത്തരുടെയും അപേക്ഷ പ്രകാരം സ്ഥലംമാറ്റം നൽകുന്നു. ഇപ്രകാരം സ്ഥലംമാറ്റം നൽകുമ്പോൾ പ്രസ്തുത യൂണിറ്റുകളിൽ ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി തിരിച്ചും സീനിയറായ ജീവനക്കാരെ സ്ഥലം മാറ്റുന്നു. വിദൂര യൂണിറ്റുകളിൽ ജീവനക്കാരുടെ ഷോർട്ടേജ് നികത്തുന്നതിനാണ് ഇപ്രകാരം സ്ഥലംമാറ്റം നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**